## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : T 4426 22.07.2015-ൽ മറുപടിക്ക്

**പോർട്ട് മണൽ ബുക്കിങ്ങ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ പോർട്ട് മണൽ ബുക്കിങ്ങിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | മണൽ ബുക്കിങ്ങിൽ ക്രമക്കേടുകൾ നടക്കുന്നതായുള്ള പരാതികൾ ലഭിക്കാറുണ്ട്. എന്നാൽ ഓൺലൈൻ ബുക്കിങ്ങ് നടപ്പിലാക്കിയതോടുകൂടി ക്രമക്കേടുകൾ നടത്തുന്നതിനുള്ള സാഹചര്യം ഒഴിവായിട്ടുണ്ട്.<br>ഓൺ ലൈൻ സമ്പ്രദായം വഴി മണൽ ബുക്ക് ചെയ്യുമ്പോൾ പോർട്ടോഫീസുകളോ ഉദ്യോഗസ്ഥരോ നേരിട്ടിടപെടേണ്ടതായ സാഹചര്യമില്ല. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, സ്കാനർ എന്നീ സംവിധാനങ്ങളുള്ള ഏതൊരു വ്യക്തിക്കും സ്ഥാപനത്തിനും നിഷ്കർഷിതമായ രേഖകളുടെ അടിസ്ഥാനത്തിലും യോഗ്യതയിലും 24 മണിക്കൂറും മണൽ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാണ്. അപ്‌ലോഡ് ചെയ്യപ്പെട്ട പ്രമാണങ്ങളുടെ ആധികാരികത കമ്പ്യൂട്ടർ തന്നെ വിലയിരുത്തുന്നു. ഇതുവഴി, ഡ്യൂപ്ലിക്കേഷൻ മുതലായവ തടയപ്പെടുന്നു. ആയതിനാൽ, ഒരാൾക്കും യഥേഷ്ടം ബുക്ക് ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലില്ല. |
| (ബി) | സാധാരണക്കാർ ഓൺലൈനായി ബുക്ക് ചെയ്യുമ്പോൾ കിട്ടാത്ത അവസ്ഥയും എന്നാൽ ഇഷ്ടപ്പെട്ടവർക്ക് യഥേഷ്ടം ബുക്കിങ്ങ് അനുവദിക്കുന്നതുമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (സി) | ഓൺലൈൻ മുഖേന മണൽ വില്പന സംബന്ധിച്ച് ലഭിക്കുന്ന പരാതികളെല്ലാം തന്നെ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പോർട്ടോഫീസർ, പോർട്ട് കൺസർവേറ്റർ, ഓൺ ലൈൻ സിസ്റ്റത്തിന്റെ ചുമതലയുള്ള ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ